**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18** | **29-01-2024 - ൽ മറുപടിയ്ക്ക്**

**കേരളീയം 23-യുടെ വിലയിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തെ ലോകത്തിന് മുന്നിൽ സമഗ്രവും സത്യസന്ധവുമായി അവതരിപ്പിക്കുകയെന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കാൻ കേരളീയം 23-ന് കഴിഞ്ഞിട്ടുണ്ടോയെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാന രൂപീകരണത്തിനുശേഷം വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ സുരക്ഷാ മേഖലകളിൽ നമ്മുടെ നാട് കൈവരിച്ച നേട്ടങ്ങൾ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന സാങ്കേതിക വിദ്യാ രംഗത്തും അടിസ്ഥാന സൗകര്യ വികസനത്തിലുമെല്ലാം നാം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനായാണ് "**കേരളീയം**" എന്ന സവിശേഷ പരിപാടിക്ക് രൂപം നൽകിയത്. അതിന്റെ ആദ്യ പതിപ്പാണ് 2023 നവംബറിൽ സംഘടിപ്പിച്ചത്.<br><br>ലോകം ചർച്ച ചെയ്ത കേരള മാതൃക, സംസ്ഥാനത്തിന്റെ ഭാവി ആവശ്യങ്ങൾ, ഭാവി കേരളം എങ്ങിനെയായിരിക്കണമെന്ന ആലോചനകൾ, കേരളത്തെ അതിന്റെ സാംസ്കാരികവും തൻമയ ഭാവത്തോടും കൂടി അവതരിപ്പിക്കുന്ന വികസന സാംസ്കാരിക മഹോത്സവമായി '**കേരളീയം**' മാറി.<br><br>നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ, വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ, മുന്നോട്ടുള്ള സാധ്യതകൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള സംവാദങ്ങൾ 'കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. നൊബേൽ ജേതാവ് പ്രൊഫ.(ഡോ.) അമർത്യ സെൻ ഉൾപ്പെടെയുള്ള പ്രശസ്തർ 'കേരളീയ ത്തിന്റെ ഭാഗമായി. 5 പ്രധാന വേദികളിലായി 25 സെമിനാറുകൾ സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ മേഖലകളിലെ പുരോഗതി ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധർ സെമിനാറുകളിൽ പങ്കെടുത്തു. 220 |

| | | | |
|---|---|---|---|
| | | | പ്രഭാഷകർ വിഷയാവതരണം നടത്തി. ഇതിൽ 181 പേർ നേരിട്ടും 22 പേർ ഓൺലൈനായും 17 പേർ പ്രീ റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുകളിലുമായി 30839 പേർ പങ്കെടുത്തു. സെമിനാറുകളിൽ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും നവകേരള നിർമ്മിതിക്കുള്ള മാർഗ്ഗരേഖകളായി മാറും. സെമിനാറുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>കേരളത്തിന്റെ തനതുവിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേളകൾ, സാംസ്കാരികോത്സവം, പുഷ്പമേള, ട്രേഡ് ഫെയർ, ചലച്ചിത്രോത്സവം, വൈദ്യുത ദീപാലങ്കാരം എന്നിവയും സാംസ്കാരിക പൈതൃകം, കാർഷിക-വ്യാവസായിക പുരോഗതി, നൂതന സാങ്കേതിക വിദ്യാരംഗത്തെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രദർശനങ്ങളും ഇതിന്റെ ഭാഗമായിരുന്നു. ഉദ്ഘാടന സമ്മേളനത്തിലും സമാപന സമ്മേളനത്തിലുമയായി 40,000 ഓളം പേരും 7 ദിവസത്തെ വിവിധ പരിപാടികളിലായി ലക്ഷക്കണക്കിന് ആളുകളും പങ്കെടുത്തു.<br><br>നമ്മുടെ വികസന മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുന്നതോടൊപ്പം ലോക വൈജ്ഞാനിക മേഖലയിൽ നിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കാനും എല്ലാ വർഷവും കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന കേരളീയം പരിപാടി സഹായകമാകും. |
| (ബി) | സാമൂഹ്യവികാസവും വ്യാവസായിക മുന്നേറ്റവും ആധുനിക കലകളും നൂതന വിദ്യാരംഗവും നമ്മുടെ തനത് കലാരൂപങ്ങളും അടക്കം കേരള സമൂഹത്തിന്റെ സൂക്ഷ്മ ഘടകങ്ങളെപ്പോലും ലോകത്തിന്റെ മുന്നിൽ അവതരിപ്പിച്ചിട്ടുണ്ടെന്ന ചാരിതാർത്ഥ്യം സർക്കാരിനുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന രൂപീകരണത്തിനുശേഷം വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ സുരക്ഷാ മേഖലകളിൽ നമ്മുടെ നാട് കൈവരിച്ച നേട്ടങ്ങൾ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന സാങ്കേതിക വിദ്യാ രംഗത്തും അടിസ്ഥാന സൗകര്യ വികസനത്തിലുമെല്ലാം നാം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനായാണ് **"കേരളീയം"** എന്ന സവിശേഷ പരിപാടിക്ക് രൂപം നൽകിയത്. അതിന്റെ ആദ്യ പതിപ്പാണ് 2023 നവംബറിൽ സംഘടിപ്പിച്ചത്.<br><br>ലോകം ചർച്ച ചെയ്ത കേരള മാതൃക, സംസ്ഥാനത്തിന്റെ ഭാവി ആവശ്യങ്ങൾ, ഭാവി കേരളം എങ്ങിനെയായിരിക്കണമെന്ന ആലോചനകൾ, കേരളത്തെ അതിന്റെ സാംസ്കാരികവും തൻമയ ഭാവത്തോടും കൂടി അവതരിപ്പിക്കുന്ന വികസന സാംസ്കാരിക മഹോത്സവമായി **'കേരളീയം'** മാറി. |

<table>
<tr><td></td><td></td><td></td><td>നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ, വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ, മുന്നോട്ടുള്ള സാധ്യതകൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള സംവാദങ്ങൾ 'കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. നൊബേൽ ജേതാവ് പ്രൊഫ.(ഡോ.) അമർത്യ സെൻ ഉൾപ്പെടെയുള്ള പ്രശസ്തർ 'കേരളീയ ത്തിന്റെ ഭാഗമായി. 5 പ്രധാന വേദികളിലായി 25 സെമിനാറുകൾ സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ മേഖലകളിലെ പുരോഗതി ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധർ സെമിനാറുകളിൽ പങ്കെടുത്തു. 220 പ്രഭാഷകർ വിഷയാവതരണം നടത്തി. ഇതിൽ 181 പേർ നേരിട്ടും 22 പേർ ഓൺലൈനായും 17 പേർ പ്രീ റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുകളിലുമായി 30839 പേർ പങ്കെടുത്തു. സെമിനാറുകളിൽ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും നവകേരള നിർമ്മിതിക്കുള്ള മാർഗ്ഗരേഖകളായി മാറും. സെമിനാറുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>കേരളത്തിന്റെ തനതുവിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേളകൾ, സാംസ്കാരികോത്സവം, പുഷ്പമേള, ട്രേഡ് ഫെയർ, ചലച്ചിത്രോത്സവം, വൈദ്യുത ദീപാലങ്കാരം എന്നിവയും സാംസ്കാരിക പൈതൃകം, കാർഷിക-വ്യാവസായിക പുരോഗതി, നൂതന സാങ്കേതിക വിദ്യാരംഗത്തെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രദർശനങ്ങളും ഇതിന്റെ ഭാഗമായിരുന്നു. ഉദ്ഘാടന സമ്മേളനത്തിലും സമാപന സമ്മേളനത്തിലുമായി 40,000 ഓളം പേരും 7 ദിവസത്തെ വിവിധ പരിപാടികളിലായി ലക്ഷക്കണക്കിന് ആളുകളും പങ്കെടുത്തു.<br><br>നമ്മുടെ വികസന മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുന്നതോടൊപ്പം ലോക വൈജ്ഞാനിക മേഖലയിൽ നിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കാനും എല്ലാ വർഷവും കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന കേരളീയം പരിപാടി സഹായകമാകും.</td></tr>
<tr><td>(സി)</td><td>ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഒരുമിച്ചാഘോഷിക്കാൻ ഇനിമുതൽ മലയാളത്തിന്റ മഹോത്സവമായി കേരളീയം തുടർന്നുള്ള വർഷങ്ങളിലും അതത് വർഷത്തെ</td><td>(സി)</td><td>കേരളീയം 2023 പരിപാടിയിൽ പടങ്കെടുക്കുന്നതിനായും കാണുന്നതിനായും സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നും കൂടാതെ വിദേശത്ത് നിന്ന് പോലും കാണികൾ എത്തുകയുണ്ടായി. എല്ലാ വേദികളിലും</td></tr>
</table>

| | | | |
|---|---|---|---|
| | അടയാളപ്പെടുത്തുന്നവിധം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | അത്ഭുതാവഹമായ തിരക്കാണനുഭപ്പെട്ടത്. ഇത്തരത്തിലുള്ള അഭൂതപൂർവ്വമായ ജനപങ്കാളിത്തവും അനുകൂലമായ പൊതുജനാഭിപ്രായവും പരിഗണിച്ച് ലോക മെമ്പാടുമുള്ള മലയാളികൾക്ക് ഒരുമിച്ചാഘോഷിക്കാൻ ഇനിമുതൽ മലയാളത്തിന്റ മഹോത്സവമായി കേരളീയം വരും വർഷങ്ങളിലും സംഘടിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. '**കേരളീയം 2024** നായി ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗസ്ഥതലത്തിൽ ഒരു ഓർഗനൈസിംഗ് കമ്മിറ്റിയും ഇതിനോടകം രൂപീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കേരളീയത്തോടനുബന്ധിച്ചു നടന്ന സെമിനാറുകൾ

1. കേരളത്തിലെ കാർഷികരംഗം
2. കേരളത്തിലെ ഭക്ഷ്യഭദ്രത
3. കേരളത്തിലെ ക്ഷീരവികസന മേഖല
4. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹിക, സാമ്പത്തിക വികസനം
5. കേരളത്തിലെ ഭൂപരിഷ്കരണം.
6. കേരളത്തിലെ സാമ്പത്തിക രംഗം
7. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം
8. കേരളത്തിലെ മത്സ്യബന്ധന മേഖല
9. കേരളത്തിലെ ഐ.ടി മേഖല
10. പൊതുജനാരോഗ്യം
11. കേരളത്തിലെ വ്യവസായ രംഗം
12. കേരളത്തിലെ സഹകരണ മേഖല
13. വയോജന-ഭിന്നശേഷി വിഭാഗങ്ങളുടെ ക്ഷേമം
14. മഹാമാരികളെ കേരളം നേരിട്ട വിധം
15. കേരളത്തിലെ പ്രാദേശിക സർക്കാരുകൾ
16. കേരളവും പ്രവാസി സമൂഹവും
17. ലിംഗനീതിയും വികസനവും കേരളത്തിൽ
18. കേരളത്തിലെ ജലവിഭവ രംഗം
19. കേരളത്തിലെ വിനോദസഞ്ചാര മേഖല
20. തൊഴിലാളികളുടെ അവകാശങ്ങളും ക്ഷേമവും
21. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗം
22. കേരളത്തിലെ ഭരണനിർവ്വഹണവും ഡിജിറ്റൽ സേവനങ്ങളുടെ വിതരണവും
23. മാറുന്ന കാലത്തെ ബഹുസ്വരതയും സാംസ്കാരിക വൈവിധ്യവും
24. ക്ഷേമവും വളർച്ചയും: ഭാവിയിലേക്കുള്ള സാമ്പത്തിക ബദലുകൾ
25. കേരളത്തിലെ മാധ്യമങ്ങൾ

Section Officer

അനുബന്ധം

## കേരളീയത്തോടനുബന്ധിച്ചു നടന്ന സെമിനാറുകൾ

1. കേരളത്തിലെ കാർഷികരംഗം
2. കേരളത്തിലെ ഭക്ഷ്യഭദ്രത
3. കേരളത്തിലെ ക്ഷീരവികസന മേഖല
4. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹിക, സാമ്പത്തിക വികസനം
5. കേരളത്തിലെ ഭൂപരിഷ്കരണം.
6. കേരളത്തിലെ സാമ്പത്തിക രംഗം
7. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം
8. കേരളത്തിലെ മത്സ്യബന്ധന മേഖല
9. കേരളത്തിലെ ഐ.ടി മേഖല
10. പൊതുജനാരോഗ്യം
11. കേരളത്തിലെ വ്യവസായ രംഗം
12. കേരളത്തിലെ സഹകരണ മേഖല
13. വയോജന-ഭിന്നശേഷി വിഭാഗങ്ങളുടെ ക്ഷേമം
14. മഹാമാരികളെ കേരളം നേരിട്ട വിധം
15. കേരളത്തിലെ പ്രാദേശിക സർക്കാരുകൾ
16. കേരളവും പ്രവാസി സമൂഹവും
17. ലിംഗനീതിയും വികസനവും കേരളത്തിൽ
18. കേരളത്തിലെ ജലവിഭവ രംഗം
19. കേരളത്തിലെ വിനോദസഞ്ചാര മേഖല
20. തൊഴിലാളികളുടെ അവകാശങ്ങളും ക്ഷേമവും
21. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗം
22. കേരളത്തിലെ ഭരണനിർവ്വഹണവും ഡിജിറ്റൽ സേവനങ്ങളുടെ വിതരണവും
23. മാറുന്ന കാലത്തെ ബഹുസ്വരതയും സാംസ്കാരിക വൈവിധ്യവും
24. ക്ഷേമവും വളർച്ചയും: ഭാവിയിലേക്കുള്ള സാമ്പത്തിക ബദലുകൾ
25. കേരളത്തിലെ മാധ്യമങ്ങൾ

Section Officer